പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1585

04.12. 2015-ൽ മറുപടിക്ക്

## നഗരങ്ങളിലെ മാലിന്യ സംസ്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കെ. നാരായണൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും)<br>വകുപ്പു മന്ത്രി) |
| (എ) പ്രധാന നഗരങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി എടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (എ) പ്രധാന നഗരങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിലവിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി പ്രധാന നഗരസഭകൾക്കെല്ലാം ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതിയും സാമ്പത്തിക സഹായവും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ നിലവിലുള്ള പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ നവീകരിക്കുന്നതിനും പൊതു പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ ആയത് സ്ഥാപിക്കുന്നതിനും വേണ്ട സഹായം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നഗര മാലിന്യങ്ങളുടെ പ്രധാന ഉറവിടം മാർക്കറ്റ് പോലുള്ള സ്ഥലങ്ങളായതിനാൽ അത്തരം മാലിന്യം കമ്മ്യൂണിറ്റിതലത്തിൽ സംസ്കരിക്കുന്നതിനായി എയ്റോബിക് ഫെറോ സിമന്റ് ബിൻ കമ്പോസ്റ്റിംഗ് ചില നഗരസഭകൾ പരീക്ഷിച്ചുവരുന്നുണ്ട്. |

കൊച്ചി നഗരസഭയിലെ ബ്രഹ്മപുരത്ത് മാലിന്യത്തിൽ നിന്നും ഊർജ്ജം ഉൽപാദിപ്പിക്കുന്ന ഒരു പ്ലാന്റ് സ്ഥാപിക്കുവാൻ ലക്ഷ്യമിട്ട് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുന:ചംക്രമണത്തിനായി കൈമാറുന്നതിനുള്ള നടപടികളും പ്രോത്സാഹിപ്പിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ